പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 228    4.2.2013 ൽ മറുപടിക്ക്

## പോലീസ് സേനയിലെ ക്രിമിനൽവൽക്കരണം

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| --- | --- |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയിലെ ക്രിമിനൽവൽക്കരണം അവസാനിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയിലെ ക്രിമിനൽവൽക്കരണം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പോലീസ് മേധാവി പോലീസ് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥന്മാർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള ക്രിമിനൽ കേസുകളെ പ്രത്യേക അന്വേഷണ റിപ്പോർട്ട് ആവശ്യമുള്ള കേസുകളായി പരിഗണിച്ച് കൊണ്ട് ഡി.വൈ.എസ്.പി റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ മേൽ നോട്ടത്തിൽ സി.ഐ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനാണ് അന്വേഷണം നടത്തുന്നത്. സി.ഐ മുതൽ മുകളിലേയ്ക്ക് റാങ്കുള്ള ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള കേസുകളുടെ മേൽനോട്ടം അതേ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥൻ സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശ പ്രകാരം വ്യക്തിഗതശ്രദ്ധചെലുത്തി നടത്തുന്നു. പോലീസുദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള കേസുകളുടെ എഫ് ഐ ആറിന്റെ പകർപ്പ് പോലീസ് ആസ്ഥാനത്തേയ്ക്ക് അയച്ചുതരുവാനും ആയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തി എ.ഐ.ജി ഒരു രജിസ്റ്റർ ഉണ്ടാക്കി ആയത് സമയാസമയങ്ങളിൽ പുതുക്കി സൂക്ഷിക്കുവാനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന എഫ്.ഐ ആറുകൾ എ.ഡി.ജി.പി (ഇന്റലിജൻസ്) യുടെ അന്വേഷണത്തിനും, വിശദമായ പഠനത്തിനുമായി അയച്ചുകൊടുക്കുവാനും അന്വേഷണ/പഠന റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവിയ്ക്ക് ലഭ്യമാക്കുവാനും |

നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും കേസുകളിൽ ഒരു പോലീസുദ്യോഗസ്ഥൻ കുറ്റക്കാരനാണെന്ന് കണ്ടാൽ അന്വേഷണ ഉദ്യോഗസ്ഥൻ അക്കാര്യം സൂചിപ്പിച്ച് കൊണ്ട് ഒരു സ്പെഷ്യൽ റിപ്പോർട്ട് അച്ചടക്ക അധികാരിയ്ക്ക് അയയ്ക്കണമെന്നും ഈ റിപ്പോർട്ടിന്മേൽ കുറ്റക്കാരായ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എ.ഡി.ജി.പി (ഇന്റലിജൻസ്) യെ പ്രസ്തുത അച്ചടക്ക അധികാരി അറിയിക്കണമെന്നും ഈ കാരണങ്ങളിൽ എ.ഡി.ജി.പി (ഇന്റലിജൻസ്) ന് വിയോജിപ്പുണ്ടെങ്കിൽ ആയത് സംസ്ഥാന പോലീസ് മേധാവിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെയും കേസുകളുടെയും വിശദാംശം അടങ്ങുന്ന ഒരു ലിസ്റ്റ് എല്ലാ വർഷവും ജൂലൈ ഒന്നിന് തയ്യാറാക്കുന്നതിനും പ്രസ്തുത ലിസ്റ്റ് പരിശോധിച്ച് പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി എ.ഡി.ജി.പി (ഇന്റലിജൻസ്), എ.ഡി.ജി.പി (ക്രൈംസ്), സോണൽ എ.ഡി.ജി.പിമാർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ ലിസ്റ്റ് എല്ലാ വർഷവും ഫെബ്രുവരി, ആഗസ്റ്റ്, മാസങ്ങളിൽ പ്രസ്തുത കമ്മിറ്റി പരിശോധിച്ച് എടുത്തിട്ടുള്ള നടപടികളുടെ പര്യാപ്തത പരിശോധിച്ച് ഗുരുതരമായ കുറ്റം ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ കൈക്കൊള്ളുന്നതിനും പോലീസ് സേനയിൽ നിന്നും നീക്കം ചെയ്യുന്നതിനുമായി സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം സമർപ്പിക്കാവുന്നതാണ്. ഇപ്രകാരം 16.01.2013 ൽ നടന്ന പോലീസ് ഉന്നതതല സമിതിയുടെ യോഗ

| | |
|---|---|
| | ത്തിൽ ഗുരുതരമായ സ്വഭാവദൂഷ്യത്തിന് അടിമപ്പെട്ട 23 പോലീസുദ്യോഗസ്ഥർക്കെതിരെ 2011 ലെ കെ.പി ആക്റ്റ് 86 -ാം വകുപ്പു പ്രകാരം നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ 24 പോലീസുദ്യോഗസ്ഥരെ ലഹരി വിമുക്ത കേന്ദ്രത്തിലേക്ക് അയയ്ക്കുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. |
| ബി) ഐ.പി.എസ്. റാങ്കിലുള്ള ഏതെല്ലാം ഉദ്യോഗസ്ഥരാണ് ക്രിമിനൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം അറിയിക്കുമോ? | ബി) ശ്രീ.ഇ.ജെ. ജയരാജ്,ഐ.പി.എസിന്റെ പേരിൽ എറണാകുളം റയിൽവേ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 70/11 ആയി ഒരു ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ